കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി12-175/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ – 688011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com

തീയതി, 28.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി12-175/2020 തീയതി: 28.05.2020

# ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ

# 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.12.2018 മുതൽ 23.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 30.11.2019 വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2019 മുതൽ 09.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. രാജേഷ്. കെ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (27.12.2019 മുതൽ 21.01.2020 വരെ)<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ലേഖ, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികള്**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. സൂസൺ സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീമതി. വി.ലതികാദേവി | 01.04.2018 മുതൽ 12.11.2018 വരെ |
| ശ്രീ. ബിനു. ആർ, അസി. സെക്രട്ടറി (ഇൻ ചാർജ്ജ്) | 13.11.2018 മുതൽ 22.11.2018 വരെ |
| ശ്രീമതി.പി.ജയ | 23.11.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സൗമ്യ ആർ | 01.04.2018 മുതൽ 24.07.2018FN വരെ |
| | ശ്രീ. ജിജു വി | 24.07.2018AN മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. രഞ്ജിത് മോനായി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. അക്ഷിൻ റോഷ് വി ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഇന്ദു. ബി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബിന്ദു മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സന്ധ്യ | 01.04.2018 മുതൽ 14.07.2018 വരെ |
| | ശ്രീമതി. ധന്യ കെ എസ് | 15.07.2018 |
| | ശ്രീതി. മല്ലികാമ്മ സി | 16.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, വല്ലേത്തോട് | ശ്രീമതി. രശ്മി കെ പിള്ള | 01.04.2018 മുതൽ 18.12.2018 വരെ |
| | ശ്രീ. സൽമോൻ | 19.12.2018 മുതൽ 04.01.2019 വരെ |
| | ശ്രീമതി. സഫീറ | 05.01.2019 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, കോടംതുരുത്ത് | ശ്രീ. സൽമോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ആശ | 01.04.2018 മുതൽ 14.09.2018 വരെ |
| | ശ്രീമതി.സുജാത | 15.09.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.റോസമ്മ.പി.കെ. | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി.ഗീതാദേവി.കെ.ആർ | 01.06.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. സുദർശനൻ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ജെയ്നമ്മ പി എ | 01.04.2018 മുതൽ 21.06.2018 FN വരെ |
| | ശ്രീ. ബിനു ആർ | 21.06.2018 AN മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 3 | 1-3 | ഫണ്ട് വിനിയോഗം |
| 4 | 1-4 | പദ്ധതി അവലോകനം |
| 5 | 1-5 | തൊഴിലുറപ്പ് പദ്ധതി |
| 6 | 1-6 | ക്ഷേമ പദ്ധതികൾ |

| | | |
|---|---|---|
| 7 | 1-7 | ക്യാഷ് പരിശോധന |
| 8 | 1-8 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | വാർഷികകണക്കുകളിലെ അപാകതകൾ |
| 11 | 1-11 | ലേലതുക പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 12 | 1-12 | കെട്ടിടനികുതി നിർണ്ണയത്തിലെ അപാകത |
| 13 | 1-13 | അക്ഷയ സെന്റർ വാടക ഈടാക്കുന്നില്ല |
| 14 | 1-14 | ചിയാക്കിൽ നിന്നും ലഭിച്ച തുക വരവ് വച്ചില്ല |
| 15 | 1-15 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 16 | 1-16 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 17 | 1-17 | ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാത്ത യാത്രകൾക്ക് യാത്രാബത്ത നൽകി |
| 18 | 1-18 | പാലിന് സബ്സിഡി - അധികം തുക നൽകി |
| 19 | 1-19 | കാർഷിക പദ്ധതികളിലെ അപാകങ്ങൾ |
| 20 | 1-20 | തെരുവ് വിളക്ക് വാങ്ങൽ - പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ |
| 21 | 1-21 | ഡെപ്പോസിറ്റ് വർക്കുകൾ - പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല |
| 22 | 1-22 | അനുപൂരക പോഷകാഹാര വിതരണം-ജി.എസ്.റ്റി റ്റി.ഡി.എസ് ഈടാക്കിയില്ല |
| 23 | 1-23 | ലൈഫ് ഭവനപദ്ധതി- അഡ്വാൻസ് കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 24 | 1-24 | "സെന്റ് ആന്റണീസ് സ്കൂളിൽ പെൺകുട്ടികൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം " എന്ന കരാർ പ്രവൃത്തിയിൽ സ്രോതസ്സിൽ നിന്നും നിയമാനുസൃത നിരക്കിൽ ചരക്ക് സേവന നികുതി ഈടാക്കിയില്ല |
| 25 | 1-25 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല |
| 26 | 1-26 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല |
| 27 | 1-27 | തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടുകൾ |
| | ഭാഗം 2 | |
| 28 | 2-1 | ലേല തുക പൂർണ്ണമായും ലഭിച്ചിട്ടില്ല |
| | ഭാഗം 3 | |
| 29 | 3-1 | പാലിന് സബ്സിഡി - അധികം തുക നൽകി |
| 30 | 3-2 | ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാത്ത യാത്രകൾക്ക് യാത്രാബത്ത നൽകി |
| | ഭാഗം 4 | |
| 31 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 32 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 35 | 4-5 | വായ്പ/വായ്പാതിരിച്ചടവ് |
| 36 | 4-6 | സ്ഥിര നിക്ഷേപം |
| 37 | 4-7 | ഓഡിറ്റ് റിക്കവറി |
| 38 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 39 | 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 40 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| | | |

| | | |
|---|---|---|
| 41 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 42 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 43 | അനുബന്ധം-2 | . |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

07.03.2018 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 28.02.2019 തീയതിയിലെ 4-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 153792174 | 152421000 |
| വാർഷിക കണക്ക് പ്രകാരം | 87619676 | 75192069 |

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കുകയോ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.
4. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ നടത്തിയിട്ടില്ല.

ബജറ്റ് നടപടിക്രമങ്ങൾ സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6434060 |
| വരവ് | 81185616 |
| ആകെ | 87619676 |
| ചെലവ് | 75192069 |
| നീക്കിയിരിപ്പ് | 12427607 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15418000 | 15418000 | 13510187 | 1907813 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11091000 | 11091000 | 9562037 | 1528963 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 189000 | 189000 | 116759 | 72241 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1553000 | 1553000 | 1055266 | 497734 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3122000 | 3122000 | 2880870 | 241130 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9059393 | 9059393 | 4833603 | 4225790 |
| സാക്ഷരത | 1770 | 64 | 1834 | 0 | 1834 |
| ദുരിതാശ്വാസനിധി | 3981 | 0 | 3981 | 0 | 3981 |
| ഐ.സി.ഡി.എസ്. | 463839 | 575300 | 1039139 | 944317 | 94822 |
| എസ് എസ് എ | 11407 | 405 | 11812 | 0 | 11812 |
| സാനിട്ടേഷൻ | 2096568 | 224644 | 2321212 | 150000 | 2171212 |
| ബി ഫണ്ട് | - | 694680 | 694680 | 694680 | - |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് | 108467 | 2966738 | 3075205 | 2692229 | 382976 |
| ജോയിന്റ് വെഞ്ചർ ജില്ലാ പഞ്ചായത്ത് | 1469280 | 3604880 | 5074160 | 3203151 | 1871009 |

ഉറവിട മാലിന്യ സംസ്കരണപദ്ധതിക്കായി 2015-ൽ ശുചിത്വമിഷൻ മുഖേന ലഭിച്ച ഫണ്ട് 520500 രൂപ ഗ്രാമ പഞ്ചായത്ത് വിനിയോഗിക്കാത്തതിനാൽ ശുചിത്വമിഷനിൽ നിന്നുള്ള നിർദ്ദേശപ്രകാരം 27.07.2019-ലെ 933786 നമ്പർ ചെക്ക് പ്രകാരം തിരികെ നൽകി.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 113321382 | 102 | 60525989 | 37 | 8 | 69.4 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

**ഫണ്ട് വിനിയോഗത്തിലെ വീഴ്ച - 8473671 രൂപ നഷ്ടമായി**

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം **8473671** രൂപ പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 1907813 |
| വികസന ഫണ്ട് എസ്.സി.പി. | 1528963 |
| വികസന ഫണ്ട് ടി.എസ്.പി | 72241 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 497734 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 241130 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4225790 |
| **ആകെ** | **8473671** |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന, ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 198635 | 618664 | 817299 | 685559 | 131740 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 43531073 | 43531073 | 43531073 | 0 |
| ആകെ | 198635 | 44149737 | 44348372 | 44216632 | 131740 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 454680 | 290 |
| കർഷകതൊഴിലാളി പെൻഷൻ | 5548100 | 468 |
| വിധവാപെൻഷൻ | 8854000 | 748 |
| വാർദ്ധക്യകാലപെൻഷൻ | 18417300 | 1764 |
| വികലാംഗപെൻഷൻ | 3450100 | 281 |
| അവിവാഹിത പെൻഷൻ | 1109100 | 93 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 240000 | 8 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5865രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2019 | നവംബർ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.2016-25.07.2016 | 2011-12 മുതൽ 2015-16 വരെ | 07.10.2016 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-പി.12-556/2019 തീയതി. 27.06.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-11 ലേലതുക പൂർണ്ണമായും ലഭിച്ചിട്ടില്ല

പബ്ലിക് മാർക്കറ്റിലെ സസ്യ മത്സ്യവിൽപ്പന വിഭാഗം, 2018 – 2021 വർഷങ്ങളിലേക്ക് ലേലത്തിൽ എടുത്ത (08/10/2018-ൽ നടന്ന ലേലം) ശ്രീ.ആന്റണി ജേക്കബ്, കൈതക്കാട്ട് ഹൗസ്, നാളിതുവരെ ലേലതുകയായ 50000/- രൂപ യുടെ മൂന്നിലൊന്ന് തുകയായ 16667/- രൂപ മാത്രം അടച്ചതായാണ് ഫയലിൽ കാണുന്നത്. ലേലനിബന്ധന പ്രകാരം ലേലതുകയുടെ ബാക്കി സംഖ്യ 33,333/- രൂപ 31/3/2019 ന് മുൻപായി

അടവാക്കേണ്ടതും നിശ്ചിത ദിവസം കഴിഞ്ഞ് കുടിശ്ശികയായി അടക്കുന്ന തവണതുകയ്ക്ക് 18 % പിഴപ്പലിശ ഈടാക്കേണ്ടതുമാണ്.

കുടിശ്ശിക തുക ഈടാക്കാതിരുന്നതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/1-1-2020) നൽകിയ മറുപടി പ്രകാരം തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ച് തുക പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നടപടി സ്വീകരിക്കാത്തപക്ഷം കുടിശ്ശിക തുക സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-12 കെട്ടിടനികുതി നിർണ്ണയത്തിലെ അപാകത

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011തസ്വഭവ പ്രകാരം പഞ്ചായത്ത് 100 ച.മീറ്റർ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾക്ക് 60/-രൂപയും 100ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 70/- രൂപയുമായി അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിലല്ലാതെ വിവിധ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | ഉടമയുടെപേര് | കെട്ടിട നം /തറ വിസ്തീർണ്ണം | ആകെ തറ വിസ്തീർണ്ണം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ജയദേവ് ഷേണായി | 15/84-A 60 $m^2$ | 151.6 m2 | @70 അടിസ്ഥാന വസ്തു നികുതി-4200/- വഴി സൗകര്യം + 840 വസ്തു നികുതി =5040/ ലൈ.സെസ് =252 | @60അടിസ്ഥാന വസ്തു നികുതി-3600 /- വഴി സൗകര്യം +720 വസ്തു നികുതി =4320/ ലൈ.സെസ് =216 | വസ്തു നികുതി =720 ലൈ.സെസ് = 36 |
| | | 15/84-B 33.6 $m^2$ | | അടിസ്ഥാന വസ്തു നികുതി- 2352 വഴി സൗകര്യം + 470 വസ്തു നികുതി =2822/ ലൈ.സെസ് =141 | അടിസ്ഥാന വസ്തു നികുതി -2016 വഴി സൗകര്യം +403 വസ്തുനികുതി= 2419 ലൈ.സെസ്121 | വസ്തു നികുതി =403 ലൈ.സെസ് =20 |
| | | 15/84-C $58m^2$ | | അടിസ്ഥാന വസ്തു നികുതി- 4060/- വഴി സൗകര്യം +812 വസ്തു നികുതി =4872/ ലൈ.സെസ് =244 | അടിസ്ഥാന വസ്തു നികുതി -3480 വഴി സൗകര്യം +696 വസ്തു നികുതി =4176/ ലൈ.സെസ് =209 | വസ്തു നികുതി =696 ലൈ.സെസ് =35 |
| | ഗിരീഷ് സുകുമാരൻ | 2/58-A $66.96m^2$ | $190.24m^2$ | @70 അടിസ്ഥാന വസ്തു നികുതി-4687 വഴി സൗകര്യം വർദ്ധനവ് +937 | @60 അടിസ്ഥാന വസ്തു നികുതി-4017.6/- വഴി സൗകര്യം + 803.5 | വസ്തു നികുതി =803 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വസ്തുനികുതി 5624/ ലൈ.സെസ്-281 | വസ്തുനികുതി 4821/ ലൈ.സെസ്-241 - | ലൈ.സെസ് =40 |
| | | 2/58-B 65.09$m^2$ | | @70 അടിസ്ഥാന വസ്തു നികുതി-4556/- ഒന്നാം നില (-5%) വഴി സൌകര്യം + 20% ആകെ (+15%)=683 വസ്തു നികുതി =5239 ലൈ.സെസ്-262 | @60 അടിസ്ഥാന വസ്തു നികുതി-3905/- ഒന്നാം നില- 5% വഴി സൌകര്യം +20% ആകെ(+15%)= 586 വസ്തുനികുതി =4491 ലൈ.സെസ്-225 - | വസ്തു നികുതി =748 ലൈ.സെസ് =37 |
| | | 2/58-C 58.19$m^2$ | | @70 അടിസ്ഥാന വസ്തു നികുതി-4073/- 2-ാം നില -10% വഴി സൌകര്യം +20% ആകെ (+ 10%) =407 വസ്തുനികുതി = 4480 ലൈ.സെസ്-224 | @60 അടിസ്ഥാന വസ്തു നികുതി-3491/- 2 -ാം നില- 10% വഴി സൌകര്യം + 20% ആകെ +10% =349 വസ്തു നികുതി =3840 ലൈ.സെസ്-192 | വസ്തു നികുതി =640 ലൈ.സെസ് =32 |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/09.1.20) വിശദീകരണം ലഭ്യമാക്കിട്ടില്ല. നികുതി പുനർ നിർണ്ണയിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-13 അക്ഷയ സെന്റർ വാടക ഈടാക്കുന്നില്ല

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സ്വകാര്യ വ്യക്തിയുടെ ലൈസൻസിലുള്ള ഒരു അക്ഷയസെന്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് ഓഫീസിൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നതായി കാണുന്നില്ല. സ്ഥാപനവുമായി കരാർ ചമച്ചതിന്റെ രേഖകളും തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം (നം.22/09.1.2020) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സ്ഥാപനത്തിനായി നൽകിയിട്ടുള്ള മുറിയുടെ വാടക നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.

## 1-14 ചിയാക്കിൽ നിന്നും ലഭിച്ച തുക വരവ് വച്ചില്ല

ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ആരോഗ്യ ഇൻഷ്വറൻസ് എടുക്കുന്നതിന് സൗകര്യമൊരുക്കിയതിന് 21.03.2019 – ലെ ചെക്ക് നം. 338 പ്രകാരം CHIAK – ൽ നിന്നും ലഭിച്ച 7546 രൂപ കാലാവധി കഴിഞ്ഞതിനാൽ ലേബർ ഓഫീസിൽ തിരികെ നൽകിയതായി കാണുന്നു. 21.03.2019 – ലെ ചെക്ക് ഗ്രാമ പഞ്ചായത്തിൽ വരവ് വച്ചിട്ടുള്ളത് 03.07.2019-ലെ രസീത് പ്രകാരമാണ്. കാലാവധി കഴിയുവോളം ചെക്ക് കൈവശം സൂക്ഷിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/03.01.2020) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ ലഭിച്ച ചെക്ക് യഥാസമയം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരുന്നതിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതും തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിന്റെ 2018-19ലെ തൊഴിൽ നികുതി റിട്ടേണുകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. മാവേലി സ്റ്റോർ, കോടംതുരുത്ത് രണ്ട് അർദ്ധവർഷങ്ങളി ലും സ്ഥാപന നികുതി അടച്ചിട്ടില്ല.
2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടയുടമകൾ തൊഴിൽ നികുതി അടച്ചിട്ടില്ല

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/6.1.2020) നൽകിയ മറുപടി പ്രകാരം മേൽ പരാമർശിച്ചിരിക്കുന്ന എല്ലാവർക്കുമെതിരെ റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ബാധകമായ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-16 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വ്യാപാര/വാണിജ്യ പ്രവർത്തനങ്ങൾക്കുള്ള പഞ്ചായത്തിന്റെ ലൈസൻസ് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, മാവേലിസ്റ്റോർ എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1996 ലെ പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ (പട്ടിക ക്രമ നം-149) ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.13/6.1.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാത്ത യാത്രകൾക്ക് യാത്രാബത്ത നൽകി

വൗച്ചർ നം.21801122/4.3.19 പ്രകാരം ജീവനക്കാർക്ക് 9/2017 മുതൽ 4/2018 വരെയുള്ള യാത്രാബത്ത നൽകിയിട്ടുണ്ട്. ഇതിൽ ജീവനക്കാരുടെ ഇൻകംടാക്സ് റിട്ടേണുകൾ, എൽ.ഐ.സി പോളിസി പ്രീമിയം അടവാക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ചെയ്യുന്നതിനായി യാത്രാബത്ത നൽകിയതായി കാണുന്നു.

| ക്രമ നം | പേര് | യാത്ര തീയതി | യാത്രയുടെ ഉദ്ദേശം | അനുവദിച്ച ടി.എ |
|---|---|---|---|---|
| 1 | ബിന്ദു.എൽ, ഓഫീസ് അറ്റൻഡന്റ് | 20.09.2017 | ചേർത്തല എസ്.ബി.ഐ -യിൽ ഇൻകം ടാക്സ് അടവാക്കുന്നതിന് | 250 |
| 2 | | 10.11.17 | ചേർത്തല എസ്.ബി.ഐ-യിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള ഇൻകം ടാക്സ് അടയ്ക്കുന്നതിന് പോയിവന്നത്. | 250 |
| 3 | | 14.12.17 | ചേർത്തല എസ്.ബി.ഐ-യിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള ഇൻകം ടാക് സ് അടയ്ക്കുന്നതിന് പോയിവന്നത്. | 250 |
| 4 | | 8.1.18 | ചേർത്തല എസ്.ബി.ഐ-യിൽ സെക്രട്ടറിയുടെ ഇൻകം ടാക്സ് അടയ്ക്കുന്നതിന് പോയി വന്നത് | 250 |
| 5 | | 9.02..18 | ആലപ്പുഴ ഇൻഫോടാക്സ് ഓഫീസിൽ സെക്രട്ടറിയുടെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് | 250 |
| 6 | | 15.2.18 | ചേർത്തല എസ്.ബി.ഐ-യിൽ സെക്രട്ടറിയുടെ ഇൻകം ടാക്സ് അടയ്ക്കുന്നതിന് | 250 |
| | | | | |

| | | | | |
|---|---|---|---|---|
| 7 | | 22.03.18 | ചേർത്തല എൽ.ഐ.സി.ഓഫീസിൽ ജീവനക്കാരുടെ പ്രീമിയം തുക അടയ്ക്കുന്നതിന് പോയി വന്നത് | 250 |
| 8 | | 28.3.18 | ചേർത്തല എസ്.ബി.ഐ-യിൽ ജീവനക്കാരുടെ ഇൻകം ടാക്സ് അടയ്ക്കുന്നതിന് പോയിവന്നത്. | 250 |
| 9 | | 6.4.18 | ചേർത്തല എൽ.ഐ.സി.ഓഫീസിൽ ജീവനക്കാരുടെ പ്രീമിയം തുക അടയ്ക്കുന്നതിന് പോയി വന്നത് | 250 |
| 10 | | 19.4.18 | ആലപ്പുഴ ഇൻഫോടാക്സ് ഓഫീസിൽ ജീവനക്കാരുടെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് | 250 |
| 11 | | 27.4.18 | ചേർത്തല എസ്.ബി.ഐ- യിൽ സെക്രട്ടറിയുടെ ഇൻകം ടാക്സ് അടയ്ക്കുന്നതിന് | 250 |
| ആകെ | | | | 2750/- |

പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാത്ത യാത്രകൾക്ക് ടി.എ നൽകിയത് ക്രമപ്രകാരമല്ല. മേൽ തുക 2750/- തിരികെ ഈടാക്കേണ്ടതാണ്.

## 1-18 പാലിന് സബ്സിഡി - അധികം തുക നൽകി

പ്രോജക്ടിന്റെ പേര്:-പാലിന് സബ്സിഡി

പ്രോജക്ട് നം:-S0085/19

അടങ്കൽ:-400000/-
വികസന ഫണ്ട്-200000/-
ബ്ലോക്ക് വിഹിതം-200000/-
ക്ഷീരവികസന ഓഫീസർ നിർവഹണം നടത്തിയിരിക്കുന്ന ഈ പദ്ധതിയിൽ, ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40000/- രൂപ ആണെന്നിരിക്കെ (സബ്സിഡി മാർഗ്ഗരേഖ പ്രകാരം) വിനോദ്മോൻ എന്ന വ്യക്തിക്ക് പരിധിയിലധികം തുക നൽകിയിരിക്കുന്നു.

| ക്രമ നം. | ചെക്ക്/ബിൽ നം&തീയതി | പേര്,അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | 1/18-19dt 5.9.18 116020/- | വിനോദ് മോൻ കെ, 3011101007041 | 18811/- |
| 2 | 2/18-19 dt 26.12.18 83974/- | „ | 12538/- |
| 3 | 1838655dt 26.12.2018 76002/- | „ | 11346/- |
| 4 | 1838802dt 25.03.2019 123998/- | „ | 18126/- |
| ആകെ | | | 60821 |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വറി (നം. 21-9/1/2020) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 20821/- രൂപ പരിധിയിലധികം സബ്സിഡി അനുവദിച്ച ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-19 കാർഷിക പദ്ധതികളിലെ അപാകങ്ങൾ

കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം 10 പദ്ധതികളാണ് കൃഷി ഓഫീസർ നടപ്പിലാക്കിയത്. കൃഷി ഓഫീസിന് പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങുന്നതൊഴികെ മറ്റ് പദ്ധതികളെല്ലാം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നവയാണ്. 2018-19 വർഷം ഈ പദ്ധതികളിലായി വികസന ഫണ്ടിൽ നിന്നും 12,19,391 രൂപയും ഗുണഭോക്തൃ വിഹിതമായി 101825 രൂപയുമടക്കം ആകെ 13,21,216 രൂപയാണ് ചെലവഴിച്ചത്.

പദ്ധതി പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**എ)** വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികളിൽ ഗ്രാമസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത പലർക്കും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19/01/2019ലെ 1(1) തീരുമാന പ്രകാരം അടുത്ത ഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതാണ് എന്ന വ്യവസ്ഥയിൽ പദ്ധതി സബ്സിഡി നൽകിയെങ്കിലും പിന്നീട് ഗ്രാമസഭ കൂടാത്തതിനാൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭാ സാധൂകരണം ലഭ്യമാക്കിയിട്ടില്ല.

**ബി) പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും** (പ്രോജക്ട് നം-23/19) എന്ന പദ്ധതി പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച 2,950 ഗ്രോബാഗുകൾ ഒന്നിന് 80/- രൂപ നിരക്കിൽ പട്ടണക്കാട് അഗ്രോസർവ്വീസ് സംഘത്തിൽ നിന്നും, **തെങ്ങ് കൃഷി വികസനം** (പ്രോജക്ട് നം-72/19) പദ്ധതി പ്രകാരം 300 MGDതെങ്ങിൻ തൈകൾ ഒന്നിന് 150 രൂപ നിരക്കിൽ 45,000 രൂപ ചെലവഴിച്ച് ഉറവൂർ കേരപ്രിയ ഫെഡറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂയർമെന്റ് മാന്വൽ ജി.ഒ (പി) 259/2010/ത.സ്വ.ഭ.വ തീയതി 08/11/2010 & Circular No.17/AA1/2016/LSGD dtd 19.03.2016) എന്നിവ പ്രകാരം 5000 രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് നടത്തേണ്ടത്. കൃഷി വകുപ്പ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നാണ് ഈ ഉത്പന്നങ്ങൾ വാങ്ങിയതെങ്കിലും ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല.

സി)മാർഗ്ഗരേഖ പ്രകാരം ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ള ലൈമിന് ജില്ലാതല യൂണിറ്റ് കോസ്റ്റ് 10 kg ന് 95/- രൂപയായിരിക്കെ 10 Kg ന് 132/- രൂപ ചെലവഴിച്ചാണ് ടെണ്ടർ പ്രകാരം മാർക്കറ്റ് ഫെഡിൽ നിന്നും വാങ്ങിയത്.

പഞ്ചായത്ത് രാജ് നിയമാനുസൃതമായി ഗ്രാമസഭകൾ വഴി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം വിതരണം ചെയ്യുന്നതിനും വാങ്ങൽ നടപടികളിൽ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നതിനും ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്ന ഇനങ്ങൾ ആ നിരക്കിൽ തന്നെ വാങ്ങുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് വാങ്ങൽ - പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയിട്ടുള്ള തെരുവ് വിളക്ക് വാങ്ങൽ (പ്രോജക്ട് നം. S0003/19)എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 510000/- രൂപ വകയിരുത്തിയിരുന്നു. 510000/- രൂപയും പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിൽ നിന്നും 487500/- രൂപയ്ക്ക്(ബിൽ നം.41/15.01.2019) 195 എണ്ണം 20W LED ലൈറ്റുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. ഈ സ്ഥാപനത്തിൽ നിന്നും ടെൻഡർ കൂടാതെ തെരുവ് വിളക്കുകൾ വാങ്ങാമെന്നുള്ളതിന്റെ ഉത്തരവ് ഹാജരാക്കിയിട്ടില്ല.
2. ഇൻസ്റ്റലേഷൻ ചാർജ്ജ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ തുക ഉൾപ്പെടെയാണ് സ്ഥാപനം LED ലൈറ്റുകൾക്ക് ഈടാക്കിയിട്ടുള്ളത്. എന്നാൽ AMPERE Electricals എന്ന സ്ഥാപനത്തിൽ നിന്നും 2732

രൂപയുടെ അനുബന്ധ സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ ശ്രീ. അഖിൽ വിഷ്ണുവിന് 2732 രൂപയും(ബിൽ നം. 45/24.01.2019) നിർമ്മല ഇലക്ട്രിക്കൽസിൽ നിന്ന് 20W LED ബൾബ് വാങ്ങിയതിന് 7366രൂപ (ബിൽ നം.69/26.03.2019) ശ്രീ. ഭരത പിഷാരടി എന്നയാൾക്കും നൽകിയതായി കാണുന്നു. ഈ വ്യക്തികൾക്ക് തുക നൽകാനുള്ള കാരണം വ്യക്തമല്ല. ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ഈ പ്രോജക്റ്റിൽപ്പെടുത്തി ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങളിലായി 70 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സൂപ്പർവിഷൻ ചാർജ്ജ് 12402/- രൂപ (ബിൽ നം.36/12.12.2018) കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 70 തെരുവ് വിളക്കുകൾ ഏതെല്ലാമാണെന്നും ഇവയ്ക്ക് മാത്രം സൂപ്പർവിഷൻ ചാർജ്ജ് അടയ്ക്കാനുള്ള കാരണവും വ്യക്തമല്ല. കെ.എസ്.ഇ.ബി സൂപ്പർവിഷൻ നടത്തിയത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലില്ല. മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. സൂപ്പർവിഷൻ ചാർജ്ജ് നൽകിയത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണവും രേഖകളും ഹാജരാക്കാത്തപക്ഷം 12402/- രൂപയുടെ ചെലവ് ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതാണ്.
പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പ്രവൃത്തിക്ക് ആവശ്യമായ സാധനസാമഗ്രികൾ AMPERE Electricals എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് കരാറുകാരന് തുക അനുവദിച്ചു എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മറുപടിയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 510000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ഡെപ്പോസിറ്റ് വർക്കുകൾ - പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-18 പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 1903640 രൂപയും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 470586/- രൂപയും വിനിയോഗിക്കപ്പെടാത്തതായി കാണുന്നു. ഗ്രാമ പഞ്ചായത്തിന് പ്രയോജനപ്രദമാകേണ്ട പദ്ധതിപ്പണം നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നത് ഒഴിവാക്കേണ്ടതാണ്. പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 അനുപൂരക പോഷകാഹാര വിതരണം-ജി.എസ്.റ്റി റ്റി.ഡി.എസ് ഈടാക്കിയില്ല

**അനുപൂരക പോഷകാഹാരം (പ്രോജക്ട് നം-26/19)**

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിലേക്ക് അനുപൂരക പോഷകാഹാര വിതരണ പദ്ധതിക്കായി തുറവൂർ സിംഫണി ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്നും 6,86,225/- രൂപയുടെ അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിയമാനുസൃത ജി.എസ്.ടി ഇൻവോയ്സുകളല്ലാതെ സാധാരണ ബില്ലുകളാണ് നൽകിയിട്ടുള്ളത്. ബില്ലുകളിൽ 5% ജി.എസ്.ടി കൂടി അടങ്ങുന്ന വിലയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെയുള്ള 6,86,225രൂപയുടെ വാങ്ങലുകളിൽ ജി.എസ്.ടി അടക്കം 3,43,647/- രൂപയുടെ ഉത്പന്നങ്ങൾ 01/10/2018 ന് ശേഷമാണ് വാങ്ങിയിട്ടുള്ളത്. C.G.S.T Act,2017 സെക്ഷൻ 51 (1) പ്രകാരം (നോട്ടിഫിക്കേഷൻ നം-50/2018 തിയതി 13/09/2018) തദ്ദേശസ്ഥാപനങ്ങളുൾപ്പടെയുള്ള സർക്കാർ സ്ഥാപനങ്ങളിലെ ഡി.ഡി.ഒ മാർ 01/10/2018 ശേഷം നടത്തുന്ന 2,50,000 രൂപക്കുമേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% GST TDS സ്രോതസ്സിൽ

നിന്നും ഈടാക്കേണ്ടതാണ്. റ്റി.ഡി.എസ് കിഴിച്ച തുക മാത്രമാണ് വിതരണക്കാരന് നൽകേണ്ടത്. 01/10/2018 ശേഷം നൽകിയ ബില്ലുകൾ പ്രകാരം 6546/- രൂപ (327283 x 2%) TDS കഴിച്ച് ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ നികുതി ഉൾപ്പടെ മുഴുവൻ തുകയും സപ്ലൈയർക്ക് നൽകിയിട്ടുണ്ട്. നിയമാനുസൃത നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-5 തീയതി. 03.01.2020) നൽകിയ മറുപടിയിൽ സർക്കാർ സ്ഥാപനമായതിനാലാണ് ബാധകമാക്കാത്തത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. ജി.എസ്.ടി റ്റി.ഡി.എസ് സംബന്ധിച്ച 31/12/2018 ലെ 73/2018 നമ്പർ സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷനിൽ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, ജി.എസ്.ടി കൗൺസിൽ ശുപാർശ നൽകിയതുപ്രകാരം സർക്കാർ വിജ്ഞാപനം വഴി ഒഴിവാക്കിയ സ്ഥാപനങ്ങൾ തമ്മിലുള്ള ഇടപാടുകൾക്ക് മാത്രമാണ് റ്റി.ഡി.എസിൽ നിന്നും ഒഴിവുള്ളത്. തുറവൂർ സിംഫണി ഫുഡ് സപ്ലിമെന്റ് യൂണിറ്റ് ഈ ഇളവ് ബാധകമാകുന്ന സ്ഥാപനമാണ് എന്നതിനുള്ള യാതൊരു രേഖയും നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ജി.എസ്.ടി ഇളവ് ലഭിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്ത പക്ഷം സ്ഥാപനത്തിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കി ഒടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവനപദ്ധതി- അഡ്വാൻസ് കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല

കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ 2018-19 ലെ ലൈഫ് ഭവനപദ്ധതി സംബന്ധിച്ച ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒയുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണത്തിനായി മുൻകൂറായി തുക കൈപ്പറ്റിയെങ്കിലും ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ/ചെക്ക് നം. തീയതി |
|---|---|---|---|---|
| 1 | 139/19 ലൈഫ് മിഷൻ ഭവനനിർമ്മാണം-ജനറൽ | ശ്രീമതി.സീമ രജിമോൻ, കളത്തിത്തറ-വാർഡ് 2 | 40000 | ch.no.998891dt.06/09/18 |
| 2 | 35/19 ലൈഫ് മിഷൻ-ഭവനനിർമ്മാണം (SC) | ശ്രീമതി.ഹേമലത, കരുടാക്കരിക്കളത്തിൽ, വാർഡ് 12 | 40000 | 10/04.09.18<br>440000/- |
| 3 | 35/19ലൈഫ് മിഷൻ-ഭവനനിർമ്മാണം (SC) | ശ്രീമതി. പ്രിയ രാജീവ്, പുള്ളോൻപറമ്പിൽ | 40000 | Ch.no-1838801 dt 22.03.19 |
| 4 | 21/19 ലൈഫ് മിഷൻ-ഭവനനിർമ്മാണം -ജനറൽ | ശ്രീമതി.ഷേർളി (ബിജുജോസി), ആറാട്ടുകുളം, എഴുപുന്ന തെക്ക്, വാർഡ്-2 | 40000 | ഹഡ്കോ ലോൺ Ch.no-892082 dt 10.07.18 |
| 5 | 21/19 ലൈഫ് മിഷൻ-ഭവനനിർമ്മാണം-ജനറൽ | ശ്രീമതി.ഫിലോമിന ക്ലീറ്റസ്, കൊടിയനാട്ട്,<br>എഴുപുന്ന തെക്ക്, വാർഡ്-2 | 40000 | ഹഡ്കോ ലോൺ Ch.no-892076 dt 29.03.19 |

കൂടാതെ ലൈഫ് ഭവന പദ്ധതിയിലെ ഫയൽ, വിതരണ രജിസ്റ്റർ എന്നിവ പ്രകാരം 2017-18 സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണത്തിനായി 40,000 രൂപ മുൻകൂറായി കൈപ്പറ്റിയ ശ്രീമതി. രമണി കരുണാകരൻ, പഴങ്ങാട്ടുതറ, വാർഡ്-15 എന്ന ഗുണഭോക്താവ് (ബിൽ നം-24/17-18 Rs.80,000 C/o 28/03/18) ഒരു വർഷവും 9 മാസവും പൂർത്തീകരിച്ചിട്ടും ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ അടുത്ത ഗഡു ആനുകൂല്യം നൽകിയിട്ടില്ല. ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തും

തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തിയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പലരും അഡ്വാൻസ് കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെ നിർമ്മാണം ആരംഭിക്കുകപോലും ചെയ്തിട്ടില്ല. അഡ്വാൻസ് നൽകിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾ പ്രവർത്തി ചെയ്യുന്നുണ്ട് എന്നുറപ്പാക്കുവാനും അല്ലാത്ത പക്ഷം കരാറിൽ പരാമർശിച്ച പ്രകാരം അഡ്വാൻസ് നൽകിയ തുക 12% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 "സെന്റ് ആന്റണീസ് സ്ക്കൂളിൽ പെൺകുട്ടികൾക്ക് ടോയ്ലെറ്റ് നിർമ്മാണം " എന്ന കരാർ പ്രവൃത്തിയിൽ സ്രോതസ്സിൽ നിന്നും നിയമാനുസൃത നിരക്കിൽ ചരക്ക് സേവന നികുതി ഈടാക്കിയില്ല

2017-18 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 3-ാം വാർഡിൽ നടപ്പിലാക്കിയ സെന്റ് ആന്റണീസ് സ്കൂളിൽ പെൺകുട്ടികൾക്ക് ടോയ്ലെറ്റ് നിർമ്മാണം (പ്രോ നം. 68/18) എന്ന പ്രവൃത്തി 2018-19ൽ പൂർത്തീകരിച്ചിട്ടുണ്ട്. 4,40,000/- രൂപ വികസനഫണ്ടിൽ നിന്നും തുക വകയിരുത്തി 339803/- രൂപ ചെലവഴിച്ച പ്രസ്തുത പ്രവൃത്തി 09.10.2018-ൽ പൂർത്തീകരിച്ചതായി 09.10.2018 -ൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.
സ്പിൽ ഓവർ പ്രോജക്ട് നം. 153/19

*പ്രവൃത്തി മൂല്യം- 339803/-*

*ബിൽ നം. - 07/18-19 തീയതി:* 15.11.2018 – 297362/-

10/*18-19 തീയതി: 20.12.*2018 – 42441/-

*കിഴിവുകളുടെ വിവരം*

*CC 1st & Part Bill*

*പ്രവൃത്തി മൂല്യം - 297362/-*

*കിഴിവുകൾ*

*IT% - 2974/- രൂപ*

*KCWWF- 2974/- രൂപ*

*cess@ 1% - 30/- രൂപ*

*റീടെൻഷൻ 2.5% - 7434/-*

*ആകെ കിഴിവുകൾ- 13412/- രൂപ*

*കരാറുകാരന് നൽകിയ തുക – 283950/- രൂപ*

*അളവ് പുസ്തകം - 37/KDM/17-18, 38/KDM/17-18, 43/KDM/17-18(പേജ് നം. 10,11)*

*CC 2nd & Final Bill*

*Since last measurement- 42441/-*

*കിഴിവുകൾ*

*IT% - 424- രൂപ*

*KCWWF- 424/- രൂപ*

*cess@ 1% - 4/- രൂപ*

*ആകെ കിഴിവുകൾ- 852/- രൂപ*

*കരാറുകാരന് നൽകിയ തുക – 41589/- രൂപ*

*അളവ് പുസ്തകം - 44/KDM/17-18(പേജ് നം. 07,08&09)*

*കരാറുകാരൻ- ജോസ് അഭിലാഷ്*

*കരാർ നം. 14/AE/LSGD/KDM/17-18/21.02.18*

2017-ലെ ജി.എസ്.റ്റി. ആക്ട് സെക്ഷൻ 51(1) പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള പ്രവൃത്തിയിൽ ദാതാവിന് പണം നൽകുന്ന സമയത്ത് കരാർ തുക ജി.എസ്.റ്റി. ഉൾപ്പെടാതെ 2.50 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയുടെ 2% തുക (1% CGST & 1% SGST) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ 01.10.2018 ന ശേഷം പേയ്മെന്റ് നൽകിയിട്ടും (Notification No. 50/2018/Central Tax/13.09.2018) TDS ഈടാക്കാതിരുന്നത് ക്രമ പ്രകാരമല്ല.

*ആയതിനാൽ SGST @1%, CGST @ 1% ഇനങ്ങളിലായി 3398/- രൂപ വീതം ആകെ 6796/- രൂപ ചരക്ക് സേവന നികുതി- സ്രോതസ്സിൽ നിന്നുള്ള കിഴിവ് നടത്താത്തതു മൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.*

## 1-25 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012-ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പൊതു മരാമത്ത് മാന്വലിലെ മേൽ വ്യവസ്ഥ പാലിക്കാതെ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

| ക്രമനം | പ്രവൃത്തിയുടെ വിശദാംശം | സെലക്ഷൻ നോട്ടീസ് തീയതി | കരാറുകാരൻ/ കരാർ നം./ തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | പുളിത്തറ കളത്തിൽ റോഡ് ടാറിംഗ്-വാർഡ്-6<br>പ്രോ നം. 83/19<br>അടങ്കൽ തുക-200000/-<br>(192500-ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>( 7500- തനത് ഫണ്ട്)<br>പ്രവൃത്തി മൂല്യം- 199830/-<br>MB-10/KDM/18-19(പേജ് നം. 10) | 11.01.2019 | പ്രവീൺകുമാർ തറയിൽ<br>28/AE/LSGD/KDM/18-19 തീ-29.01.2019 | 199832/- | 1998/- |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം. 31/18-19/26.03.19-192500/-<br>ചെക്ക് നം.1838810 /30.03.19- 7330/- രൂപ | | | | |

സെലക്ഷൻ നോട്ടീസ് പ്രകാരം 14 ദിവസത്തിനകം കരാറിലേർപ്പെടണമായിരുന്നു. എന്നാൽ പിഴ കൂടാതെ കരാറിലേർപ്പെടേണ്ട അവസാന തീയതിയായ 25.01.2019 കഴിഞ്ഞ് 29.01.2019ലാണ് പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ളത്.

അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റന്വേഷണത്തിന്(10/04.01.2020) ലഭിച്ച മറുപടിയിൽ പിഴ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

# 1-26 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116-1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.( Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർ പ്പിക്കുകയോ പുതുക്കിയ കാലാവധിയ്ക്കനുസൃതമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ, എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | 20/AE/LSGD/KDM/17-18/ dt: 31.03.2018<br>ശ്രീ. ആന്റണി ജോൺ<br>42/KDM/17-18 | 4മാസം.<br>(31.07.2018) | 08.11.2018 | 0 | 8799/-<br>(1%+2%) |

| | | | | | |
|---|---|---|---|---|---|
| | പ്രോ.നം. 207/18<br><br>(ചങ്ങരം യു.പി.സ്കൂളിൽ പെൺകുട്ടികൾക്കായി സാനിട്ടറി കോംപ്ലക്സ്)<br><br>പ്രവൃത്തിമൂല്യം-282018/-രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br><br>ബിൽ നം. 13/18-19/29.12.18- 166761/-<br><br>ബിൽ നം.14/18-19/29.12.18- 115257/-<br><br>എഗ്രീഡ് പി.എ.സി-293289/- | | | | |
| 2 | 11/AE/LSGD/KDM/17-18/ dt: 08.01.2018<br><br>ശ്രീ. പ്രവീൺകുമാർ<br><br>18/KDM/17-18<br><br>പ്രോ.നം. 52/18(ദ്വാരക റോഡ് കാന നിർമ്മാണം-വാർഡ്-14)<br><br>പ്രവൃത്തിമൂല്യം-269911/-രൂപ<br><br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br><br>ബിൽനം. 17/18-19/ തീ:15.02.19- 67041/-(final bill)<br><br>CC 1st &part bill-202843/-<br><br>എഗ്രീഡ് പി.എ.സി-270071/- | 5 മാസം<br><br>(08.06.2018 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 24.02.2018-ൽ AS നല്കിയതിനാൽ 24.07.2018-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു) | 17.12.2018 | 0 | 8102/-<br><br>(1%+2%) |

ടി അപാകതയിന്മേലുള്ള ഓഡിറ്റന്വേഷണത്തിന്(നം. 11/06.01.2020) ലഭ്യമാക്കിയ മറുപടിയിൽ പിഴ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി ഒടുക്കു വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടുകൾ

2018-19 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട്

നിരവധി ക്രമക്കേടുകൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

1) മെറ്റീരിയൽ പ്രവൃത്തികളിൽ 12.03.2018 ലെ 3(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം വിവിധ വാർഡുകളിലെ പ്രവൃത്തികൾക്കായി രണ്ട് കരാറുകാരുടെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കുകളുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരുമായി സാധുതയുള്ള കരാറിൽ ഗ്രാമ പഞ്ചായത്ത് ഏർപ്പെട്ടിട്ടില്ല. (കരാർ നം., തീയതി, കരാറിലേർപ്പെട്ട കക്ഷികൾ ആരൊക്കെ, എന്നീ വിവരങ്ങൾ കരാർ പത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല).
കരാറുകാരുടെ മുദ്രപത്രം പോലും വെച്ചിട്ടില്ലാത്ത പ്രവൃത്തികൾ താഴെ കൊടുക്കുന്നു.
i) വാർഡ് 3-ലെ കൈലാസം മങ്ങാട്ടുവെളി നടപ്പാത
ii)വാർഡ് 2-ലെ കുന്നത്ത് പറമ്പ് നടപ്പാത
iii) വാർഡ് 15-ലെ മാറ്റിന്ത്യയുടെ സമീപത്തു കൂടി നടപ്പാത
iv) വാർഡ് 2-ലെ കരുമാഞ്ചേരി മാർക്കറ്റിന് തെക്കോട്ട് നടപ്പാത
v)വാർഡ് 14-ലെ മൂർത്തിങ്കൽ അങ്കണവാടി പഴയകാനയ്ക്ക് സ്ലാബ്
vi)വാർഡ്14-ലെ ദ്വാരക റോഡിൽ നിന്ന് ഇല്ലിക്കൽ തോട്ടിലേയ്ക്ക് കാന നിർമ്മാണം
vii)വാർഡ്14-ലെ വഞ്ചിപുരയ്ക്കൽ തോടിന് ഇരുവശങ്ങളിലും കല്ല് കെട്ടൽ
viii)വാർഡ് 2-ലെ മണ്ണിട്ടുയർത്തൽ
ix)വാർഡ് 3-ലെ മണ്ണിട്ടുയർത്തൽ
x)വാർഡ് 11-ലെ മണ്ണിട്ടുയർത്തൽ

2) എല്ലാ മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലുകളിലും വാങ്ങിയ സാധനങ്ങളുടെ (സിമന്റ്, മെറ്റൽ,സാന്റ്, സ്റ്റീൽ, ഗ്രാവൽ, ക്വാറി മക്ക് മുതലായവ) ബില്ലുകൾ സൂക്ഷിച്ചിട്ടില്ല.

3) CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification : 1- 27-1-1) ക്വാറിമക്കിന് മിനിമം 7.5% ഉം (Specification : 1- 27-2-3) കുറവ് ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 2018-19-ലെ മെറ്റീരിയൽ പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല.കൂടാതെ മെറ്റീരിയൽസ് സ്റ്റാക്ക് മെഷർ ചെയ്തതായി അളവ് പുസ്തകത്തിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്തിയിട്ടില്ല.

4) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്നിരിക്കെ അപ്രകാരം ജി.എസ്.റ്റി. തുക കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല.
5) മിക്ക പ്രവൃത്തികളിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം, ആദായ നികുതി എന്നിവ കിഴിവ് ചെയ്തതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല.
6) സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. മസ്റ്റർ റോളുകളിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. തൊഴിലാളികളുടെ പേരുകൾ ചേർക്കാത്ത മസ്റ്റർ റോളുകളും കാണുന്നു. തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തുന്നതിന് പകരം" x" മാർക്ക് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. Details of materials received, Evaluation of work & utilization certificate എന്ന ഭാഗത്ത് വിവരങ്ങൾ ചേർത്ത് മേറ്റും ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തുന്നില്ല.

7) സൈറ്റ് ഡയറിയിൽ പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ച സാധനസാമഗ്രികളുടെ വിവരം,കൈപ്പറ്റിയ മേറ്റിന്റെ പേര്, ഒപ്പ്, സ്ഥലം, തീയതി, പദ്ധതി ചെലവ്, തൊഴിലാളികളുടെ സാക്ഷ്യപത്രം ഇവയൊന്നും രേഖപ്പെടുത്തുന്നില്ല.

8) വാർഡ്-2-ലെ കരുമാഞ്ചേരി മാർക്കറ്റിൽ നിന്ന് തെക്കോട്ട് നടപ്പാത എന്ന പ്രവൃത്തി ഒഴികെയുള്ള മറ്റ് പ്രവൃത്തികളിൽ Work completion Certificate -ൽ എല്ലാ വിവരങ്ങളും ചേർത്ത് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9) ഫയലുകൾ പരിശോധിച്ചതിൽ മെറ്റീരിയൽ ലഭ്യമാക്കുന്നതിന് കരാറുകാർക്ക് സപ്ലൈ ഓർഡർ നൽകിയതായി കാണുന്നില്ല. ചുരുക്കം ചില ഫയലുകളിൽ സാക്ഷ്യപ്പെടുത്തലില്ലാത്ത സപ്ലൈ ഓർഡർ ഫോം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

10) മെറ്റീരിയൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ബില്ലുകൾ, അളവ് പുസ്തകങ്ങൾ എന്നിവയിൽ ചട്ടപ്രകാരമുള്ള സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ പെയ്മെന്റ് നടത്തിയിരിക്കുന്നു.
11) എല്ലാ മെറ്റീരിയൽ പ്രവൃത്തികളുടേയും ബില്ലുകളിലും അളവു പുസ്തകങ്ങളിലും സെക്രട്ടറിയുടെ പെയ്മെന്റ് സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് തുക പാസാക്കിയിട്ടുള്ളത്.

12) മെറ്റീരിയൽ പ്രവൃത്തികൾക്ക് കരാറുകാരിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് സെക്രട്ടറിയുടേയോ എഞ്ചിനീയറുടെയോ പേരിൽ Pledge ചെയ്ത് വാങ്ങുന്നതായി കാണുന്നില്ല. ഫയലുകളിൽ എല്ലാം സഹകരണബാങ്കിലുള്ള സ്ഥിര നിക്ഷേപത്തിന്റെ പകർപ്പുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. സാധുതയുള്ള നിക്ഷേപങ്ങളൊന്നും തന്നെ വാങ്ങി സൂക്ഷിച്ചിട്ടില്ല. കാലാവധി കഴിഞ്ഞ നിക്ഷേപങ്ങളുടെ പകർപ്പുകളും ഹാജരാക്കി കരാറുകാരൻ പ്രവൃത്തി നടത്തുകയാണുണ്ടായത്.(ഉദാ.FD No. 485,486,487 dt. 15.06.17 Maturity date. 04.09.17)

13)മെറ്റീരിയൽ പ്രവൃത്തികളിൽ പേക്കയിൽ നടപ്പാത, കൈലാസം മങ്ങാട്ടുവെളി നടപ്പാത, കൈലാസം നടപ്പാത, കരുമാഞ്ചേരി മാർക്കറ്റിന് തെക്കോട്ട് നടപ്പാത, കട്ടത്തറ ലയൺസ് വില്ല നടപ്പാത, കുന്നത്തുപറമ്പ് നടപ്പാത, കുരിശടി നടപ്പാത, മങ്ങാട്ടുവെളി (എസ്,റ്റി. കോളനി) നടപ്പാത എന്നീ 8 പ്രവൃത്തികൾ ഒഴികെയുള്ള മറ്റ് 32മെറ്റീരിയൽ പ്രവൃത്തികളിലൊന്നും തന്നെ അളവുകൾ ചെക്ക് മെഷർ ചെയ്തതിട്ടില്ല.. കൂടാതെ മാറ്റിന്ത്യ ഫുട്പാത്ത്, ദ്വാരക റോഡിൽ നിന്ന് ഇല്ലിക്കൽ തോട്ടിലേയ്ക്ക് കാന നിർമ്മാണം, കട്ടത്തറ ലയൺസ് വില്ല നടപ്പാത, വഞ്ചിപുരയ്ക്കൽ തോടിന് കല്ലുകെട്ട്, മുട്ടുങ്കൽ പള്ളിയുടെ സമീപത്തുകൂടി നടപ്പാത എന്നീ പ്രവൃത്തികളിൽ അളവു പുസ്തകങ്ങളിൽ Memorandum of Payment രേഖപ്പെടുത്തിയിട്ടുമില്ല.
14) കേവലം 9 മെറ്റീരിയൽ പ്രവൃത്തികളിൽ മാത്രമാണ് സൈറ്റ് ഡയറി സൂക്ഷിച്ചിട്ടുള്ളത്. പെയ്മെന്റ് നൽകിയിട്ടുള്ള 8 പ്രവൃത്തികളുടെ ഫയലുകളിൽ പെയ്മെന്റിന്റെ Petty Contractബിൽ തയാറാക്കിയിട്ടില്ല. കൂടാതെ പേക്കയിൽ നടപ്പാത, കൈലാസം മങ്ങാട്ടുവെളി നടപ്പാത എന്നീ പ്രവൃത്തികളുടെ Petty Contractബില്ലിലെ മെറ്റീരിയൽ തുകകളും അളവ് പുസ്തകത്തിലെ തുകകളും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

15) തൊഴിലുറപ്പ് പ്രവൃത്തികളുമായി ബന്ധപ്പെട്ട എഗ്രീമെന്റ് രജിസ്റ്റർ, ടെണ്ടർ/ക്വട്ടേഷൻ രജിസ്റ്റർ, എം ബുക്ക് സ്റ്റോക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ ലഭ്യമല്ല. ഓഡിറ്റിൽ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 2014-15 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ വിവരമാണുള്ളത്. അതായത് തൻവർഷ മെറ്റീരിയൽ പ്രവൃത്തികളുടെ അളവുകളൊന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് പ്രവൃത്തി നടപ്പാക്കിയിരിക്കുന്നത്.

**<u>ഗുണമേന്മ ഉറപ്പു വരുത്താതെ പ്രവൃത്തി നടപ്പാക്കി</u>**

കോടം തുരുത്ത് ഗ്രാമപഞ്ചായത്തിലെ വാർഡ് 3-ലെ കൈലാസം മങ്ങാട്ടുവെളി നടപ്പാത 142 മീറ്റർ നീളത്തിൽ കോൺക്രീറ്റിംഗ് നടത്തിയത് 14.01.2020-ാം തീയതി ഉച്ചയ്ക്ക് 12.15ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, എൻ.ആർ.ഇ.ജി.എസ്. ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ റോഡിന്റെ ഏറിയ പങ്കം മെറ്റലുകൾ അടർന്ന് റോഡിൽ ചിതറിക്കിടക്കുന്നതായി കാണുകയുണ്ടായി. പൊട്ടിപ്പൊളിഞ്ഞ റോഡിന്റെ ഭാഗം പരിശോധിച്ചതിൽ സിമന്റ് കോൺക്രീറ്റിംഗ് കനം 12 സെ.മീ. മാത്രമെന്ന് കാണുകയുണ്ടായി. എന്നാൽ എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും CC 1:4:8 & CC 1:2:4 ന്റെ ആകെ കനം 15 സെ.മീ. ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും ഗുണമേന്മ ഇല്ലാതെയാണ് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. ചിത്രം ചുവടെ ചേർക്കുന്നു.



**" ബി.പി.എൽ./പട്ടിക ജാതി/പട്ടിക വർഗ്ഗ കുടുംബങ്ങളുടെ വാസസ്ഥലം മണ്ണിട്ടുയർത്തൽ "-പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ**

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെ 782 ബി.പി.എൽ/പട്ടിക ജാതി/ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ വാസസ്ഥലം മണ്ണിട്ടുയർത്തലിനായി 56,39,015/- രൂപ ആകെ വകയിരുത്തി പ്രവൃത്തികൾ ഏറ്റെടുത്തു. ( വാർഡ് 1,3,4 → 376701/- രൂപ വീതം; വാർഡ് 2 → 374201/- രൂപ; വാർഡ് 5,6,7,8,9,10,11 →373701/- രൂപ വീതം; വാർഡ് 12,13,14,15 → 379701/- രൂപ വീതം) .വിവിധ വാർഡുകളിൽ മണ്ണിട്ടുയർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ വാർഡിലും 360 m3 ഗ്രാവൽ വിരിക്കുന്നതിന് ഒരേ രീതിയിൽ എസ്റ്റിമേറ്റ് തയാറാക്കിയിരിക്കുന്നു. പ്രസ്തുത എസ്റ്റിമേറ്റിൽ 97.2 തൊഴിൽ ദിനം പ്രയോജനപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.ഇതിലേയ്ക്കായി അവിദഗ്ധ വേതനമിനത്തിൽ 26341.2 രൂപയും സാധനഘടകമിനത്തിൽ 342360 രൂപയും വകയിരുത്തിയിട്ടുണ്ട്. Sharpening Charges -ലെ തുകകളിലെ വ്യത്യാസം മൂലമാണ് ചില വാർഡുകളിലെ ആകെ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വന്നിട്ടുള്ളത്. ഇപ്രകാരം ഓരോ വാർഡിലേയ്ക്കും ഒരേ മാതൃകയിലാണ് എസ്റ്റിമേറ്റുകൾ തയാറാക്കിയിരിക്കുന്നത്.

പ്രവൃത്തി ചെയ്യാൻ പോകുന്ന സൈറ്റു പരിശോധിച്ച് എത്ര അളവിലാണ് മണ്ണ് വിരിക്കേണ്ടതെന്ന് വസ്തുനിഷ്ഠമായി വിലയിരുത്താതെയാണ് എസ്റ്റിമേറ്റുകൾ തയാറാക്കിയിരിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ മണ്ണിട്ടുയർത്തൽ പ്രവൃത്തികൾ സംബന്ധിച്ച പ്രോജക്ട് മീറ്റിംഗ് ശരിയാംവണ്ണം നടത്തിയിട്ടില്ലെന്നും ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു.

പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനായി 2 കരാറുകാരുടെ ക്വട്ടേഷനുകൾ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും ടി കരാറുകാരുമായി ഗ്രാമ പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല.സാധുതയില്ലാത്ത കരാർ പത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മെറ്റീരിയൽ വാങ്ങലുമായി ബന്ധപ്പെട്ട് പ്രോക്യൂർമെന്റ് കമ്മിറ്റി കൂടിയതായി രേഖയില്ല. കരാറുകാർക്ക് സപ്ലൈ ഓർഡർ നൽകിയതിന്റെ വിശദാംശം ലഭ്യമല്ല. കൂടാതെ കരാറുകാർ ലഭ്യമാക്കിയ മെറ്റീരിയൽസ് സ്റ്റാക്ക്ചെയ്ത് അളവെടുത്ത് സ്റ്റോക്ക് രജിസ്റ്ററിൽ/അളവുപുസ്തകത്തിൽ ചേർത്തിട്ടില്ല.

വാർഡ്-14 ലെ മണ്ണിട്ടുയർത്തൽ പ്രവൃത്തിയുടെ പാർട്ട് പെയ്മെന്റ് തുകയായ 184350/- രൂപ കരാറുകാരനായ ശ്രീ പ്രവീൺകുമാറിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ വിശദമായ എസ്റ്റിമേറ്റിലും കരാർ പത്രത്തിലും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സാധനങ്ങൾ വാങ്ങി മേറ്റ് എഞ്ചിനീയർക്ക് നൽകുന്ന കൈപ്പറ്റ് രസീതിൽ ഗ്രാവൽ 360 m3 എന്ന മേറ്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (അനുബന്ധംV). എന്നാൽ മേറ്റ് സൂക്ഷിക്കേണ്ട മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ പത്രികയിൽ (അനുബന്ധം VI) 341.40 m3 എന്ന് മേറ്റ് സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. എത്ര അളവിൽ ഗ്രാവൽ സ്റ്റാക്ക് ചെയ്ത് അളവെടുത്ത് സൈറ്റിൽ ഇറക്കി എന്നത് സംബന്ധിച്ച് ഒരു രേഖപ്പെടുത്തലും ലഭ്യമല്ല. പാർട്ട് പെയ്മെന്റ് കൊടുത്തതിന് ബിൽ തയാറാക്കിയിട്ടില്ല. അളവ് പുസ്തകത്തിൽ വേണ്ട സാക്ഷ്യപ്പെടുത്തൽ ഇല്ല. അളവുകൾ ചെക്ക് മെഷർ ചെയ്തിട്ടില്ല. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത തൊഴിൽ ദിനങ്ങൾക്ക് പകരം കേവലം ഒരു തൊഴിൽ ദിനം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മസ്റ്റർ റോളിന്റെ വിശദാംശം തയാറാക്കാതെ കരാറുകാർക്ക് തുക അനുവദിക്കുന്നതിന്റെ സാങ്കേതിക തടസ്സം മറികടക്കുന്നതിനു

വേണ്ടിയാണ് ഒരു തൊഴിൽ ദിനം ലഭ്യമാക്കി മസ്റ്റർ റോൾ തയാറാക്കി എഫ്.റ്റി.ഒ. ജനറേറ്റ് ചെയ്തതെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

മണ്ണിട്ടുയർത്തൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് ഡിലീറ്റ് ചെയ്ത എഫ്.റ്റി.ഓ. യുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | എഫ്.റ്റി.ഓ. | വാർഡ് | തുക |
|---|---|---|---|
| 1 | KL1611010003_010419_FTO_920 | 8 | 152890 |
| 2 | KL1611010003_060619_FTO_90808 | 1 | 157005 |
| 3 | KL1611010003_310319_FTO_635787 | 1 | 16479 |
| | | 12 | 16699 |
| 4 | KL1611010003_310319_FTO_635810 | 3 | 157898 |
| | | 11 | 150824 |
| | | 10 | 151946 |
| 5 | KL1611010003_310319_FTO_635813 | 3 | 160898 |
| | | 2 | 157369 |
| 6 | KL1611010003_310319_FTO_635828 | 15 | 167444 |
| | | 13 | 162376 |
| | | 5 | 160727 |
| 7 | KL1611010003_310319_FTO_635805 | 15 | 168444 |
| | | 13 | 162105 |
| 8 | KL1611010003_300119_FTO_487847 | 14 | 152250 |
| 9 | KL1611010003_140319_FTO_591274 | 4 | 167458 |
| 10 | KL1611010003_310319_FTO_635803 | 2 | 157640 |
| 11 | KL1611010003_310319_FTO_635824 | 7 | 162900 |
| | | 8 | 149889 |
| | | 5 | 160726 |
| | | 9 | 161194 |
| | | 6 | 159581 |
| 12 | KL1611010003_300119_FTO_487667 | 9 | 168300 |
| | **ആകെ** | | **3383042** |

എല്ലാ വാർഡുകളിലേയും മണ്ണിട്ടുയർത്തൽ പ്രവൃത്തികളുടെ അളവു പുസ്തകങ്ങൾ പരിശോധിച്ചതിൽ ഒന്നിലും അളവുകൾ സാക്ഷ്യപ്പെടുത്തുകയോ ചെക്ക് മെഷർ ചെയ്തതായോ ഉള്ള രേഖപ്പെടുത്തലുകളോ ഇല്ലായിരിക്കെ ഫണ്ട് ട്രാൻസ്ഫറിനായി എഫ്. റ്റി. ഒ തയാറാക്കിയതായും പിന്നീട് Delete ചെയ്തതായും കാണുന്നു. വിവിധ വാർഡുകളിലെ മണ്ണിട്ടുയർത്തൽ പ്രവൃത്തികളുടെ അളവ് പുസ്തകങ്ങൾ പരിശോധിച്ചതിൽ ഓരോ വാർഡിലും വരുന്ന 30ലധികം ഗുണഭോക്താക്കളുടെയും വാസസ്ഥലത്തെ വെള്ളക്കെട്ടൊഴിവാക്കുന്നതിനായി വിവിധ അളവുകളിൽ പൂഴി വിരിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അളവ് പുസ്തകങ്ങളിലെ ഗ്രാവലിന്റെ ആകെ അളവ് തുകയുടെ ഗണിതപരമായ കൃത്യത കൂടി ഉറപ്പ് വരുത്തിയിട്ടില്ല (ഉദാ. വാർഡ്-1-4, വാർഡ് -8, 13,15) .വിവിധ വാർഡുകളിലെ മണ്ണിട്ടുയർത്തൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഉയർന്നു വന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികളിൽ വിശദമായ പരിശോധന നടത്തുന്നതിനായി 10.07.2019-ലെ തസ്വഭവ/പികെഡി/ 152/19 നം. കത്ത് പ്രകാരം അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ പട്ടണക്കാട് സബ് ഡിവിഷന് കീഴിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയതായി C4-

5656/19 ഫയലിൽ നിന്നും വ്യക്തമാകുന്നു. സൈറ്റ് പരിശോധന നടത്തിയത് പ്രകാരമുള്ള പ്രസ്തുത റിപ്പോർട്ടുകൾ ക്രോഡീകരിച്ച് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച 27.07.19-ലെ 2203/19-ാം നമ്പർ റിപ്പോർട്ടിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതാണെന്നും ഏകദേശം 18,10,674/- രൂപ മൂല്യം നിർണ്ണയിക്കേണ്ടതിന് പകരം അളവ് പുസ്തകത്തിൽ 47,85,442/- രൂപയുടെ മൂല്യമാണ് നിർണ്ണയിച്ചതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ ക്രമക്കേടുകളിന്മേൽ സമഗ്രാന്വേഷണം നടത്തുന്നതിനും പ്രവൃത്തിയുടെ നിർവ്വഹണത്തിലെ വീഴ്ചമൂലമുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലേല തുക പൂർണ്ണമായും ലഭിച്ചിട്ടില്ല

പബ്ലിക് മാർക്കറ്റിലെ സസ്യ മത്സ്യവിൽപ്പന വിഭാഗം, 2018 – 2021 വർഷങ്ങളിലേക്ക് ലേലത്തിൽ എടുത്ത (08/10/2018-ൽ നടന്ന ലേലം) ശ്രീ.ആന്റണി ജേക്കബ്, കൈതക്കാട്ട് ഹൗസ്, നാളിതുവരെ ലേലതുകയായ 50000/- രൂപ യുടെ മൂന്നിലൊന്ന് തുകയായ 16667/- രൂപ മാത്രം അടച്ചതായാണ് ഫയലിൽ കാണുന്നത്. ലേലനിബന്ധന പ്രകാരം ലേലതുകയുടെ ബാക്കി സംഖ്യ 33,333/- രൂപ 31/3/2019 ന് മുൻപായി അടവാക്കേണ്ടതും നിശ്ചിത ദിവസം കഴിഞ്ഞ് കുടിശ്ശികയായി അടക്കുന്ന തവണതുകയ്ക്ക് 18 % പിഴപ്പലിശ ഈടാക്കേണ്ടതുമാണ്.

കുടിശ്ശിക തുക ഈടാക്കാതിരുന്നതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/1-1-2020) നൽകിയ മറുപടി പ്രകാരം തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ച് തുക പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നടപടി സ്വീകരിക്കാത്തപക്ഷം കുടിശ്ശിക തുക സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പാലിന് സബ്സിഡി - അധികം തുക നൽകി

പ്രോജക്ടിന്റെ പേര്:-പാലിന് സബ്സിഡി

പ്രോജക്ട് നം:-S0085 /19

അടങ്കൽ:-400000/-
വികസന ഫണ്ട്-200000/-
ബ്ലോക്ക് വിഹിതം-200000/-

ക്ഷീരവികസന ഓഫീസർ നിർവഹണം നടത്തിയിരിക്കുന്ന ഈ പദ്ധതിയിൽ, ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40000/- രൂപ ആണെന്നിരിക്കെ (സബ്സിഡി മാർഗ്ഗരേഖ പ്രകാരം) വിനോദ്മോൻ എന്ന വ്യക്തിക്ക് പരിധിയിലധികം തുക നൽകിയിരിക്കുന്നു.

| ക്രമ നം. | ചെക്ക്/ബിൽ നം&തീയതി | പേര്, അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | 1/18-19dt 5.9.18 116020/- | വിനോദ് മോൻ കെ, 3011101007041 | 18811/- |
| 2 | 2/18-19 dt 26.12.18 83974/- | „ | 12538/- |
| 3 | 1838655 dt 26.12.2018 76002/- | „ | 11346/- |
| 4 | 1838802 dt 25.03.2019 123998/- | „ | 18126/- |
| ആകെ | | | 60821 |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വറി (നം. 21-9/1/2020) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 20821/- രൂപ പരിധിയിലധികം സബ്സിഡി അനുവദിച്ച ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-2 ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാത്ത യാത്രകൾക്ക് യാത്രാബത്ത നൽകി

വൗച്ചർ നം.21801122/4.3.19 പ്രകാരം ജീവനക്കാർക്ക് 9/2017 മുതൽ 4/2018 വരെയുള്ള യാത്രാബത്ത നൽകിയിട്ടുണ്ട്. ഇതിൽ ജീവനക്കാരുടെ ഇൻകംടാക്സ് റിട്ടേണുകൾ, എൽ.ഐ.സി പോളിസി പ്രീമിയം അടവാക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ചെയ്യുന്നതിനായി യാത്രാബത്ത നൽകിയതായി കാണുന്നു.

| ക്രമ നം | പേര് | യാത്ര തീയതി | യാത്രയുടെ ഉദ്ദേശം | അനുവദിച്ച ടി.എ |
|---|---|---|---|---|
| 1 | ബിന്ദു.എൽ, ഓഫീസ് അറ്റൻഡന്റ് | 20.09.2017 | ചേർത്തല എസ്.ബി.ഐ -യിൽ ഇൻകം ടാക്സ് അടവാക്കുന്നതിന് | 250 |
| 2 | | 10.11.17 | ചേർത്തല എസ്.ബി.ഐ-യിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള ഇൻകം ടാക്സ് അടയ്ക്കുന്നതിന് പോയിവന്നത്. | 250 |
| 3 | | 14.12.17 | ചേർത്തല എസ്.ബി.ഐ-യിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള ഇൻകം ടാക്സ് അടയ്ക്കുന്നതിന് പോയിവന്നത്. | 250 |
| 4 | | 8.1.18 | ചേർത്തല എസ്.ബി.ഐ- യിൽ സെക്രട്ടറിയുടെ ഇൻകം ടാക്സ് അടയ്ക്കുന്നതിന് പോയി വന്നത് | 250 |
| 5 | | 9.02..18 | ആലപ്പുഴ ഇൻഫോടാക്സ് ഓഫീസിൽ സെക്രട്ടറിയുടെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് | 250 |
| 6 | | 15.2.18 | ചേർത്തല എസ്.ബി.ഐ- യിൽ സെക്രട്ടറിയുടെ ഇൻകം ടാക്സ് അടയ്ക്കുന്നതിന് | 250 |
| 7 | | 22.03.18 | ചേർത്തല എൽ.ഐ.സി.ഓഫീസിൽ ജീവനക്കാരുടെ പ്രീമിയം തുക അടയ്ക്കുന്നതിന് പോയി വന്നത് | 250 |
| 8 | | 28.3.18 | ചേർത്തല എസ്.ബി.ഐ-യിൽ ജീവനക്കാരുടെ ഇൻകം ടാക്സ് അടയ്ക്കുന്നതിന് പോയിവന്നത്. | 250 |
| 9 | | 6.4.18 | ചേർത്തല എൽ.ഐ.സി.ഓഫീസിൽ ജീവനക്കാരുടെ പ്രീമിയം തുക അടയ്ക്കുന്നതിന് പോയി വന്നത് | 250 |
| 10 | | 19.4.18 | ആലപ്പുഴ ഇൻഫോടാക്സ് ഓഫീസിൽ ജീവനക്കാരുടെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് | 250 |

| | | | | |
|---|---|---|---|---|
| 11 | | 27.4.18 | ചേർത്തല എസ്.ബി.ഐ- യിൽ സെക്രട്ടറിയുടെ ഇൻകം ടാക്സ് അടയ്ക്കുന്നതിന് | 250 |
| ആകെ | | | | 2750/- |

പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാത്ത യാത്രകൾക്ക് ടി.എ നൽകിയത് ക്രമപ്രകാരമല്ല. മേൽ തുക 2750/- തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 30.05.2019 – 31.05.2019 | കെ.എസ്.എ-എ.എൽ.പി/പി.12-556/2019 തീയതി. 27.06.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 263000 | 12000 |
| | | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | | 2491738 | ലൈഫ് പ്രോജക്ട് | 2229229 | 262509 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 259300 | 15700 |
| | | 2479880 | ലൈഫ് പ്രോജക്ട് | 2463851 | 16029 |
| | | 100000 | അനുപൂരക പോഷകാഹാരം | 0 | 100000 |
| | | 750000 | പഠനമുറി നിർമ്മാണം | 0 | 750000 |
| | 2017-18 | 1458000 | ലൈഫ് പ്രോജക്ട് | 480000 | 978000 |

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗം സംബന്ധിച്ച ധനകാര്യവകുപ്പിന്റെ 23.01.2017-ലെ ജി.ഒ(പി) നം. 07/2017/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല എന്നു കാണുന്നു. ഗ്രാമപഞ്ചായത്തിൽ സംയുക്ത പ്രോജക്ടുകൾക്കായി 2017-18, 2018-19 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 2134238 രൂപ സാമ്പത്തിക വർഷാവസാനം വിനിയോഗിക്കപ്പെട്ടിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം സംയുക്തപ്രോജക്ടിൽ ഏർപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടുന്നില്ല. പ്രസ്തുത ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടിൽ പങ്കാളിയാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം, നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് സെപ്റ്റംബർ 30 -നകം ഒറ്റ ഇൻസ്റ്റാൾമെന്റ് ആയി തുക അനുവദിക്കേണ്ടതാണ്. നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം ഫെബ്രുവരി അവസാന ആഴ്ച പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തേണ്ടതും ഏതെങ്കിലും കാരണത്താൽ തുക വിനിയോഗിക്കാൻ കഴിയില്ല എന്നു ബോധ്യപ്പെട്ടാൽ തുക മറ്റ് പ്രോജക്ടുകളിൽ വിനിയോഗിക്കുന്നതിനായി

വിഹിതം നൽകിയ സ്ഥാപനത്തിന് ഫെബ്രുവരി 28-നകം തിരികെ നൽകേണ്ടതുമാണ്. മാർച്ച് 31-ന് വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതും (uncashed cheque ന തുല്യമായ തുക കഴിച്ച്) സാമ്പത്തിക വർഷം നടപ്പാക്കാനാകാതെ സ്പിൽ ഓവർ ആയി തുടരുന്ന പ്രോജക്ട് സംബന്ധിച്ച വിവരം വിഹിതം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതും അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടുകൾക്കായി ലഭിക്കുന്ന അലോട്ട്മെന്റിൽ നിന്ന് ഫണ്ട് കണ്ടെത്താവുന്നതുമാണ്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണ സംബന്ധമായി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,10,50,599/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | - | 21050599 | 0 | 0 | 0 | 21050599 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16,291/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-8 | 10000 | ശ്രീ. പി.വി. മണിയപ്പൻ, സെക്രട്ടറി | 118010100026/04.04.2018 |
| 2017-18 | 2-1(1) | 1291 | ശ്രീമതി.ജോണമ്മ, സീനിയർ ക്ലർക്ക് | 118010103683/15.03.2019 |
| 2017-18 | 2-1(5) | 2500 | ശ്രീ. വിപിൻ കുട്ടപ്പൻ, കോൺട്രാക്ടർ | 118010103846/28.03.2019 |

| | | | | |
|---|---|---|---|---|
| 2017-18 | 2-1(5) | 2500 | ശ്രീ. വരുൺ. എം. പി., കോൺട്രാക്ടർ | 118010103862/28.03.2019 |
| ആകെ | | 16291 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

# 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 87619676 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 75192069 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 33333 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 23571 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 510000 |

**(ബി).** <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 33333+പലിശ | | പി. ജയ, സെക്രട്ടറി |
| 3-1 | | 20821 | സുജാത, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-2 | | 2750 | പി. ജയ, സെക്രട്ടറി |
| ആകെ | 33333+പലിശ | 23571 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 510000 | പി. ജയ, സെക്രട്ടറി |
| ആകെ | 510000 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | |
|---|---|---|
| 1-22 | 6546 | GST TDS |
| 1-24 | 6796 | GST TDS<br>CGST 1%-3398<br>SGST 1%-3398 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-27 |

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി. ജയ, സെക്രട്ടറി | സെക്രട്ടറി, പെരുമ്പളം ഗ്രാമ പഞ്ചായത്ത് | ജയപ്രഭ, കലവൂർ പി ഒ, ആലപ്പുഴ |
| സുജാത, ഡയറി ഫാം ഇൻസ്ട്രക്ടർ | തൃത്താല ക്ഷീരവികസന ഓഫീസ്, പാലക്കാട് | പടിഞ്ഞാറ്റിൻകര ഹൗസ്, റ്റി.ഡി.സൗത്ത് ഗേറ്റ്, എ.എൻ.പുരം, ആലപ്പുഴ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/2013/6.05.2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577/2013/12.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5-1577/2013/07.05.2014 |
| 2009-10 | എൽ.എഫ്.ജി.എ5-1577/2013/20.05.2014 |
| 2010-11 | എൽ.എഫ്.എപി.8-821/2012/05.11.12/31.12.12 |
| 2011-12 & 2012-13 | എൽ.എഫ്.എപി.8-192/2014/26.06.14/03.07.14 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.പി11-1620/15/17.12.15/31.12.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-831/16/29.07.16 |

| | |
|---|---|
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി12-1252/16 തീ.16.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി12-725/17/20.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി12-87/19/07.01.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

# <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# <u>അനുബന്ധം-2</u>

| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
|---|---|---|
| | | |

| | | |
|---|---|---|
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ